# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 516

09.02.2016 ൽ മറുപടിയ്ക്ക്

## ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലയളവിൽ സഹകരണവകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഇടുക്കി നിയോജക മണ്ഡലത്തിൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിന് 66 സഹകരണ സംഘങ്ങൾക്ക് 384.39 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; | (ബി) ഇടുക്കി നിയോജക മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചുവടെ പറയുംവിധം തുക അനുവദിച്ചിട്ടുണ്ട്.<br><br>1. ദുർബല മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 20 ലക്ഷം രൂപ<br>2. ദുർബല പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം - 20 ലക്ഷം രൂപ<br>3. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഫാർമേഴ്സ് സർവീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള സഹായം - 35 ലക്ഷം രൂപ<br>4. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 15.05 ലക്ഷം രൂപ |

5. അർബൻ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി ധനസഹായം - 5.00 ലക്ഷം രൂപ

6. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നീതി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള ധനസഹായം - 1.31 ലക്ഷം രൂപ

7.സ്കൂൾ സഹകരണ സംഘങ്ങൾക്കുള്ള ഫർണിച്ചർ സബ്സിഡി - 58,500 രൂപ

8. വനിത സഹകരണ സംഘങ്ങൾക്കുള്ള ഓഹരി ധനസഹായം - 50,000 രൂപ

9. വനിത സഹകരണ സംഘങ്ങൾക്കുള്ള പ്രവർത്തന മൂലധന ഗ്രാന്റ് - 2 ലക്ഷം രൂപ

10. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള എസ്.എച്ച്.ജി. ഓഹരി ധനസഹായം - 12 ലക്ഷം രൂപ

11. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള എസ്.എച്ച്.ജി. ഗ്രാന്റ് - 21,000/- രൂപ

12. പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ആധുനികവൽക്കരണത്തിനുള്ള ധനസഹായം - 47.50 ലക്ഷം രൂപ

13. ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ആധുനികവൽക്കരണത്തിനുള്ള ധനസഹായം - 88 ലക്ഷം രൂപ

14. സഹകരണ സംഘങ്ങൾക്കുള്ള എൻ.സി.ഡി.സി. ധനസഹായം - 137.235 ലക്ഷം രൂപ

| | |
|---|---|
| (സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ